4. തൃശ്ശൂർ മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	232
പത്രം	...	3

5. എറണാകുളം മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	59
പത്രം	...	1

6. ഇടുക്കി മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	113
പത്രം	...	1 (ഇംഗ്ലീഷ്), 1 (തമിഴ്)

7. ആലപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	565
പത്രം	...	2

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ റീഡിംഗ് റൂമുകളിലുള്ള പുസ്തകങ്ങളുടെയും പത്രങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പട്ടികജാതി വികസന വകുപ്പ്

കാസർഗോഡ്	...	20
പാലക്കാട്	...	61
തൃശ്ശൂർ	...	18
ഇടുക്കി	...	9
ആലപ്പുഴ	...	37

എറണാകുളത്തെ സ്കൂളിൽ റഫറൻസ് പുസ്തകങ്ങൾ മാത്രമേയുള്ളൂ. കോഴിക്കോട്ടെ സ്കൂളിൽ ശാസ്ത്രഗ്രന്ഥങ്ങളില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറികളിൽ ഉള്ള ശാസ്ത്ര ഗ്രന്ഥങ്ങളുടെ വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അസൗകര്യം

83 (4024) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള എല്ലാ ഡോക്ടർ അംബ്ദകർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളുകളിലും അവിടെയുള്ള വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽപ്പെടുന്ന ഓരോ സ്കൂളിലും എത്ര പേർക്ക് വീതം താമസിക്കാനുള്ള സൗകര്യമുണ്ട് ;

(സി) എല്ലാ വിദ്യാർത്ഥികൾക്കും താമസിക്കുവാനുള്ള സൗകര്യം എന്നേക്കുണ്ടാകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി ഈ വർഷം എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

കട്ടേല, തിരുവനന്തപുരം	...	330
നല്ലൂർനാട്, വയനാട്	...	330
കാസർഗോഡ്	...	70
കോഴിക്കോട്		
പാലക്കാട്	...	168
തൃശ്ശൂർ	...	100
ഇടുക്കി	...	80
ആലപ്പുഴ	...	128
എറണാകുളം	...	210

(സി) കഴിവതും വേഗത്തിൽ താമസസൗകര്യം ഉണ്ടാക്കാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാൻ നിർവ്വാഹമില്ല.

(ഡി) എം. ആർ. എസുകാർക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപ്പുവർഷം പട്ടികവർഗ്ഗ വികസന വകുപ്പിന് 776 ലക്ഷം രൂപയും പട്ടികജാതി വികസന വകുപ്പിന് 800 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളുകളിലെ കളിക്കളങ്ങൾ

84 (4025) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഡോ. അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഏതെല്ലാം സ്കൂളുകൾക്ക് കളിക്കളങ്ങളും കളിക്കാനുള്ള സൗകര്യങ്ങളുമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly